ടോൾ പിരിവിന് നിലവിലുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുന്നതിനുള്ള നിയമ ഭേദഗതി

90 (2809) ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. ടി. പി. രാമകൃഷ്ണൻ :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടോൾ പിരിവിന് നിലവിലുള്ള മാനദണ്ഡങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്താൻ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാം ;

(ബി) ഈ മാറ്റങ്ങൾ നടപ്പിൽവരുത്തിക്കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ ;

(സി) ഇതിനാവശ്യമായ നിയമ ഭേദഗതി കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഇരുചക്ര വാഹനങ്ങളെ ടോൾ പിരിവിൽ നിന്ന് ഒഴിവാക്കി ഉത്തരവായിട്ടുണ്ടോ ;

(ഇ) ഗവൺമെന്റ് നിർദ്ദേശത്തെ മറികടന്ന് അനധികൃതമായി കരാറുകൾ ടോൾ പിരിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ടോൾ പിരിവിന് നിലവിലുള്ള മാനദണ്ഡങ്ങളിൽ ചില മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ഇതിൻപ്രകാരം ഇരുചക്രവാഹനങ്ങളെ ടോൾ പിരിവിൽനിന്ന് ഒഴിവാക്കുകയും 100 ലക്ഷത്തിൽ കൂടുതൽ തുക ചെലവായ പാലങ്ങളിൽനിന്നും മാത്രം ടോൾ പിരിച്ചാൽ മതിയെന്നും അത് പരമാവധി 15 വർഷത്തേയ്ക്കായി നിജപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ബി) നടപ്പിൽ വരുത്തിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഉണ്ട്.

(ഇ) ഇല്ല.

റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ചുള്ള റോഡുനിർമ്മാണം

91 (2810) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തിലെ റോഡുകൾ റബ്ബറൈസ് ചെയ്യുക എന്ന ലക്ഷ്യത്തോടെ റബ്ബറൈസ്ഡ് ബിറ്റുമിൻ ഉൽപ്പാദിപ്പിക്കുന്നത് സംബന്ധിച്ച് കൊച്ചി റിഫൈനറിയുമായി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കരാർ ഉണ്ടാക്കിയിരുന്നുവോ ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കരാർ വ്യവസ്ഥകളിൽ മാറ്റം വരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാം ;

(സി) കഴിഞ്ഞ വർഷം എത്ര ടൺ റബ്ബറൈസ്ഡ് ബിറ്റുമിൻ വാങ്ങി ; ഈ വർഷം എത്ര ടൺ വാങ്ങാൻ ഉദ്ദേശിക്കുന്നു ;

(ഡി) റോഡുകളുടെ നിർമ്മാണം പൂർണ്ണമായും റബ്ബറൈസ്ഡ് ബിറ്റുമിൻ ആക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ഇത് നടപ്പിലാക്കുന്നതിന് എന്തെല്ലാം തടസ്സങ്ങളാണ് ഇപ്പോഴുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രത്യേകിച്ച് കരാറൊന്നും ഉണ്ടാക്കിയിട്ടില്ല.

(ബി) എന്നാൽ നാച്ചുറൽ റബ്ബർ മോഡിഫൈഡ് ബിറ്റുമിന്റെ വർദ്ധിച്ച ആവശ്യം കണക്കിലെടുത്ത് അധികം റബ്ബറൈസ്ഡ് ബിറ്റുമിൻ ഉൽപ്പാദിപ്പിക്കണം എന്ന് കൊച്ചിൻ റിഫൈനറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) കഴിഞ്ഞവർഷം 15000 ടണ്ണിൽ കൂടുതൽ വാങ്ങി. ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി ഈ വർഷം 60,000 ടണ്ണിൽ താഴെ റബ്ബറൈസ്ഡ് ബിറ്റുമിൻ വാങ്ങാൻ ഉദ്ദേശിക്കുന്നു.

(ഡി) ഉണ്ട്. റബ്ബറൈസ്ഡ് ബിറ്റുമിന്റെയും ഫണ്ടിന്റെയും ലഭ്യതയ്ക്ക് വിധേയമായി മാത്രമേ നിർമ്മാണം നടത്തുവാൻ സാധിക്കുകയുള്ളൂ.

റബ്ബറൈസേഷൻ നടത്തിയ റോഡുകൾ

92 (2811) ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതുമരാമത്തിന്റെ കീഴിലുള്ള റോഡുകളിൽ എത്ര കിലോമീറ്റർ റോഡ് റബ്ബറൈസേഷൻ നടത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ; ഇപ്രകാരം റബ്ബറൈസേഷൻ നടത്തിയ പ്രധാനപ്പെട്ട റോഡുകൾ ഏതെല്ലാമെന്ന് അറിയിക്കാമോ ;

(ബി) റോഡ് റബ്ബറൈസേഷന് ഉപയോഗിക്കുന്ന മിശ്രിതത്തിന്റെ ചേരുവകൾ എന്തെല്ലാമെന്നും അവയുടെ ഓരോന്നിന്റെയും അനുപാതം എത്രയെന്നും അറിയിക്കാമോ ;

(സി) റോഡ് റബ്ബറൈസേഷൻ മിശ്രിതത്തിൽ പഴയ ടയറുകളുടെ പൊടി ഉപയോഗിക്കുന്നുണ്ടോ ; ഏതുതരത്തിലുള്ള റബ്ബർ ഘടകമാണ് റബ്ബറൈസേഷന് സാങ്കേതികമായി അത്യുത്തമമെന്ന് അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly